നിങ്ങളുടെ കഴിവിൽ എനിക്കു വിശ്വാസമുണ്ട് എന്നൊരാൾ ജീവനക്കാരോടു പറയുകയാണ്. പറയുക മാത്രമല്ല, ഒരു വിദേശരാജ്യത്തുവച്ച് ശതകോടീശ്വരന്മാരുൾപ്പെടെയുള്ളവരുടെ മുന്നിൽ ഒരു സംഗീതപരിപാടി നടത്താൻ ആവശ്യപ്പെടുക കൂടി ചെയ്തു അയാൾ.

തെല്ലൊരു ആശങ്കയോടെയാണ് ജീവനക്കാർ ആ ക്ഷണം സ്വീകരിച്ചതെങ്കിലും ക്ഷണിക്കപ്പെട്ട അതിഥികളെ കോൾമയിർ കൊള്ളിച്ച ഒന്നായി മാറി ആ സംഗീതനിശ.

തുടർന്ന് സമാനമായ അനേകം പരിപാടികൾ.

ബാങ്കിന്റെ എംഡിയായിരുന്നു തന്റെ ജീവനക്കാരിൽ വിശ്വാസം അർപ്പിച്ച ആ വ്യക്തി.

സംഗീതനിശ അവതരിപ്പിച്ച് അതിഥികളുടെ ഒന്നടങ്കം കയ്യടി വാങ്ങിക്കൂട്ടിയ ആ ജീവനക്കാരിലെ ഒരാളെയാണ് ഇന്നത്തെ ദളത്തിൽ നാം പരിചയപ്പെടുന്നത്

ആന്റണി ജോസ്
ഫെഡറൽ ബാങ്ക്
പ്ലാനിംഗ് – എംഐഎസ് ഡിവിഷൻ
ആലുവ

തൃപ്പൂണിത്തുറ സ്വദേശിയായ ടി എ ജോസ്- ലീനാ ജോസ് ദമ്പതികളുടെ മൂന്നു മക്കളിൽ ഇളയ ആളാണ് ആന്റണി ജോസ്.

തിരുവാങ്കുളം സെന്റ് ജോർജ് യുപി സ്കൂളിലായിരുന്നു ആന്റണിയുടെ പ്രാഥമിക വിദ്യാഭ്യാസം. ഏഴാം ക്ലാസ് ആയപ്പോഴേക്കും ആന്റണി തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയയിലേക്കു മാറി.

ഇടവകപ്പള്ളിയായ സെന്റ് മേരീസ് ഫൊറോന ചർച്ചിലെ ഞായറാഴ്ചക്കുർബാനകളിൽ പങ്കെടുക്കുമായിരുന്ന കുഞ്ഞാന്റണിയെ പ്രാർഥനാഗീതങ്ങളും സംഗീതോപകരണങ്ങളും തെല്ലൊന്നുമല്ല ആകർഷിച്ചത്. വീട്ടിൽ അമ്മയും ചേച്ചിയും മൂളുമായിരുന്ന സംഗീതശകലങ്ങളും കൂടിയായപ്പോൾ ആ അൾത്താരബാലന്റെ ശ്രദ്ധ എങ്ങനെയോ കീബോർഡിൽ എത്തിപ്പെട്ടു.

കീബോർഡിനോടുള്ള മകന്റെ താൽപര്യം തിരിച്ചറിഞ്ഞ പിതാവ് പിന്നെ വച്ചുതാമസിപ്പിച്ചില്ല. തൃപ്പൂണിത്തുറയിലുള്ള കോസ്റ്റ് അക്കാദമിയിൽ പ്രശസ്ത സംഗീതാധ്യാപകനായ ശ്രീ ബെന്നിയ്ക്കു കീഴിൽ തന്നെ ആന്റണിയെ ചേർത്തു.

അനവധി കുട്ടികൾക്കു സംഗീതപാഠങ്ങൾ പകർന്നു കൊടുക്കുന്ന ബെന്നി മാസ്റ്റർക്ക് കുട്ടിയുടെ താൽപര്യവും കഴിവും ബോധ്യമാവാൻ

അധികസമയമൊന്നും വേണ്ടിവന്നില്ല. ആന്റണിയെ 'വെറുതെ വിടരുതെന്നും' പറ്റുമെങ്കിൽ ഒരു കീബോർഡ് വാങ്ങിക്കൊടുക്കണമെന്നും മാസ്റ്റർ പിതാവിനോടു ശിപാർശ ചെയ്തു.

മാസ്റ്ററുടെ നിർദ്ദേശപ്രകാരം, ഏഴാം ക്ലാസിൽ പഠിക്കുന്ന ആന്റണിയ്ക്ക് പിതാവ് കയ്യോടെ ഒരു കീബോർഡ് വാങ്ങിച്ചുകൊടുത്തു.

അങ്ങനെ വീട്ടിലിരുന്നു തന്നെ പരിശീലിക്കാൻ തുടങ്ങിയതോടെ കീബോർഡ് പഠനം വളരെ വേഗത്തിൽ മുന്നേറിയതായി ആന്റണി ഓർക്കുന്നു.

ആ കാലത്ത് സ്കൂളിൽ നടന്ന മത്സരങ്ങളിലെല്ലാം കീബോർഡിനുള്ള സമ്മാനം ആന്റണിയ്ക്കു സംവരണം ചെയ്ത മട്ടിലായിരുന്നു.

പക്ഷേ കീ ബോർഡിൽ ആന്റണി ശരിക്കും തിളങ്ങാൻ തുടങ്ങിയത് ഭാരതമാതാ കോളേജിലെ ബികോം പഠനകാലത്താണ്. സംഗീതതൽപരരായ സഹപാഠികളുമായി ചേർന്ന് ഒരു ബാൻഡ് തന്നെ തുടങ്ങുകയുണ്ടായി. അനവധി അന്തർകലാശാലാ മത്സരങ്ങൾക്ക് ആന്റണിയുടെ ബാൻഡ് പെർഫോം ചെയ്യാൻ തുടങ്ങി.

പള്ളിയിലും ആന്റണി ഇതിനിടെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞിരുന്നു. മറ്റെന്തുണ്ടെങ്കിലും മാറ്റിവെച്ച് ഞായറാഴ്ചകളിൽ പള്ളിയിൽപ്പോയി കീബോർഡ് വായിക്കുക എന്നത് ആന്റണിയുടെ ജീവിതത്തിന്റെ ഭാഗം തന്നെയായി മാറിക്കഴിഞ്ഞിരുന്നു.

കീബോർഡിലെ ആന്റണിയുടെ മികവിനെ അംഗീകരിച്ചുകൊണ്ട് പഴയ കീബോർഡ് മാറ്റി, അനേകം സവിശേഷതകൾ നിറഞ്ഞ പുതിയ കീബോർഡും സൗണ്ട് സിസ്റ്റവും തന്നെ വികാരിയച്ചൻ കൊയർ ഗ്രൂപ്പിനു വേണ്ടി വാങ്ങിച്ചു.

ക്രിസ്മസ്, ഈസ്റ്റർ, പള്ളിപ്പെരുന്നാൾ തുടങ്ങിയ വിശേഷാവസരങ്ങളിലെ പരിപാടികൾക്ക് പുറത്തു നിന്ന് സംഗീതജ്ഞരെ കൊണ്ടുവരുമ്പോൾ കീബോർഡിനു മാത്രം ഇടവകയിൽ നിന്നുതന്നെയായിരുന്നു ആളെക്കണ്ടെത്തിയിരുന്നത്. ആന്റണിയായിരുന്നു ആ ആൾ എന്ന് എടുത്തുപറയേണ്ടല്ലോ.

അങ്ങനെ മികച്ച ഗായകരുടേയും വയലിനിസ്റ്റുകളുടേയുമൊക്കെ കൂടെ പള്ളിയിലെ പരിപാടികൾ അവതരിപ്പിക്കാൻ കഴിഞ്ഞതിനെ തുടർന്ന് തനിക്ക് ഒത്തിരിയധികം കാര്യങ്ങൾ പഠിക്കാനായെന്ന് ആന്റണി പറയുകയുണ്ടായി.

2013 ആഗസ്റ്റ് 5 ന്, കാംപസ് റിക്രൂട്ട്മെന്റ് വഴി ആന്റണി ഫെഡറൽ ബാങ്കിൽ ക്ലെറിക്കൽ കേഡറിൽ ജോലിയിൽ പ്രവേശിച്ചു. ബാങ്കിന്റെ ചമ്പക്കുളം ശാഖയിലായിരുന്നു ആദ്യ നിയമനം. തുടർന്ന് പഴഞ്ഞോട്ടം, തിരുവൻവണ്ടൂർ,

തോട്ടക്കാട്ടുകര ശാഖകൾ വഴി നിലവിൽ ബാങ്കിന്റെ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ എംഐഎസ് ഡിവിഷനിലാണ് ആന്റണി സേവനമനുഷ്ഠിക്കുന്നത്.

ജോലിയിൽ കയറിയതിനു ശേഷം തങ്ങളുടെ കലാപരമായ കഴിവുകൾ കൈവിടുകയോ മറന്നുകളയുകയോ ചെയ്യുന്ന പലരുമുണ്ടല്ലോ. പക്ഷേ അക്കൂട്ടത്തിലല്ലായിരുന്നു ആന്റണി. ജീവനക്കാർക്കായി 2016 ൽ ബാങ്ക് നടത്തിയ 'അൺലീഷ് യുവർ ടാലന്റ്' എന്ന മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയാണ് തന്റെ നിശ്ചയദാർഢ്യം ആന്റണി വ്യക്തമാക്കിയത്.

അതൊരു തുടക്കം മാത്രമായിരുന്നു. തൊട്ടടുത്ത വർഷം നടത്തിയ മത്സരത്തിൽ ആന്റണിയുടെ ടീം രണ്ടാം സ്ഥാനം നേടി.

പക്ഷേ ഇതൊക്കെ വെറും ട്രെയിലർ മാത്രമായിരുന്നു എന്നും ശരിക്കുള്ള നേട്ടങ്ങൾ വരാനിരിക്കുന്നതേ ഉള്ളൂ എന്നും ആ സമയത്തൊന്നും ആന്റണിയ്ക്ക് അറിയില്ലായിരുന്നു.

ബാങ്കിന്റെ അബുദാബി റെപ്രസെന്റേറ്റീവ് ഓഫീസ് ആരംഭിച്ച് 15 വർഷം തികഞ്ഞ 2023 ൽ അബുദാബിയിൽ വച്ച് ബാങ്ക് വലിയൊരു കസ്റ്റമർ മീറ്റ് സംഘടിപ്പിച്ചു. ലുലു ഗ്രൂപ്പിന്റെ മേധാവി എം എ യൂസഫലിയെ പോലുള്ള ശതകോടീശ്വരന്മാർ അതിഥികളായെത്തുന്ന ഒരു ചടങ്ങായിരുന്നു അത്. ആ ചടങ്ങിൽ പുറത്തുനിന്നുള്ള സംഗീതജ്ഞർക്കു പകരം 'ഇൻ ഹൗസ് ടാലന്റ്' ഉപയോഗപ്പെടുത്തിയാലോ എന്നൊരു ചിന്ത ബാങ്കിന്റെ എംഡി മുന്നോട്ടു വച്ചു.

അതുപ്രകാരം നടത്തിയ സെലക്ഷനിൽ ആന്റണി ഉൾപ്പെട്ടു എന്നു പറയേണ്ടതില്ലല്ലോ.

ഏതു പ്രഫഷണൽ ബാൻഡിനും കിട നിൽക്കുന്ന വിധത്തിൽ അനായാസവും അവിസ്മരണീയവുമായ പ്രകടനമാണ് ബാങ്കിന്റെ ഇൻ ഹൗസ് ടാലന്റ് അന്ന് അബുദാബിയിൽ കാഴ്ചവച്ചത്. ഫലമോ? അബുദാബിയ്ക്കു ശേഷം ദുബായിൽ നടന്ന കസ്റ്റമർ മീറ്റിനും ആന്റണിയും ടീമും തന്നെ സംഗീതപരിപാടി അവതരിപ്പിച്ചു.

തുടർന്ന് പുതിയ പ്രൊഡക്ട് ലോഞ്ചാവട്ടെ, അവാർഡ് മീറ്റ് ആവട്ടെ, ബാങ്കിന്റെ വലിയ പരിപാടികളിലെല്ലാം സംഗീതം അവതരിപ്പിക്കുന്നത് ആന്റണിയും ടീമും ആയി. എറണാകുളത്തു മാത്രമല്ല ബാംഗ്ലൂരിലും മുംബൈയിലുമൊക്കെ പോയി ഇങ്ങനെ പല പരിപാടികൾ ഇതോടെ അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

2024 ലെ ലോകസംഗീതദിനത്തോടനുബന്ധിച്ച് ജൂൺ 20 ന് ഫെഡറൽ ബാങ്ക് പുറത്തിറക്കിയ 'രിഷ്ത ആൻഥ'ത്തിൽ ഭാഗമാവാൻ സാധിച്ചു എന്നതാണ് ആന്റണിയുടെ ലേറ്റസ്റ്റ് സന്തോഷം. ഇതിനോടകം 27 ലക്ഷത്തിലധികം പേർ ആസ്വദിച്ചു കഴിഞ്ഞ ആ സംഗീതവിരുന്നിനായി ലിങ്ക് ക്ലിക്ക് ചെയ്യുക.

https://youtu.be/X6jYCy-usHE?feature=shared

കീ ബോർഡിന്റെ ലോകത്തു മാത്രമല്ല ജീവകാരുണ്യ/ സാഹസികപ്രവർത്തനങ്ങളിലും ആന്റണി കൈമുദ്ര പതിപ്പിച്ചിട്ടുണ്ട്. തന്റെ വീടിനുസമീപത്തെ പായൽ മൂടിയ കുളത്തിലേക്ക് രണ്ടുയാത്രികരുൾപ്പെടെ മുങ്ങിത്താണു തുടങ്ങിയ കാറിനെ അഗ്നിശമനസേനാംഗങ്ങൾ എത്തുന്നതുവരെ സാഹസികമായി പിടിച്ചുവച്ച സംഭവമാണ് അവയിലൊന്ന്. 2021 സെപ്റ്റംബറിൽ നടന്ന ആ സംഭവം ആന്റണിയുടെ പേരുസഹിതം ടിവി ചാനലുകളിലുൾപ്പെടെ വാർത്തയായിരുന്നു. അന്ന് രണ്ട് കാർയാത്രികരുടെ ജീവനാണ് ആന്റണി രക്ഷിച്ചത്.

സംഗീതത്തിന്റെ വഴിയിൽ നിന്നു മാറാതെ നടക്കുമ്പോഴും ബാങ്കിലെ തന്റെ ഉത്തരവാദിത്തങ്ങളിൽ ബദ്ധശ്രദ്ധനായിരുന്നു ആന്റണി. 2018, 2022, 2024 എന്നീ വർഷങ്ങളിൽ ലഭിച്ച ഉദ്യോഗക്കയറ്റങ്ങൾ ജോലിയിലുള്ള ആന്റണിയുടെ അർപ്പണബോധത്തിന് നേർസാക്ഷ്യമാണ്.

2023 ൽ കോഴിക്കോട് വച്ചുനടന്ന ടിബി മീറ്റിൽ ഒരു ഐറ്റം അവതരിപ്പിച്ചതോടെ ടാലന്റഡ് ബാങ്കേഴ്സിന്റെ വേദികളിലും ആന്റണി ശ്രദ്ധിക്കപ്പെട്ടു. കീബോർഡിൽ ഇനിയും ഉയരങ്ങൾ കണ്ടെത്തണം എന്ന ദൃഢനിശ്ചയത്തിലാണ് ഇന്ന് ആന്റണി.

കീബോർഡിന്റെ വഴിയിൽ ഇനിയും ഒത്തിരി പഠിക്കാനുണ്ട് തനിക്കെന്നാണ് ആന്റണി പറയുന്നത്. കൂടപ്പിറപ്പായി കിട്ടിയ അഭിരുചിയും അർപ്പണബോധവും തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ആന്റണി ജോസിന് തുണയാകട്ടെ എന്ന് ടിബി കുടുംബത്തിനു വേണ്ടി ആശംസിക്കുന്നു.

----------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO, തിരുവല്ല

----------------------------------------------------------------------------------------------------

I have confidence in your ability, says one person to his staff. In addition to that, he was also asked to perform a concert in a foreign country in front of a crowd including many billionaires. The staff accepted the invitation with some trepidation, but the night of music turned out to be one of the most fantastic events that the guest ever been to.

He has continued doing many similar programs. The MD of the bank was the person who trusted his staff.

This week's Talented Banker is that employee who won the applause of the guests by performing a music night.

Antony Jose
Federal Bank
Planning – MIS Division
Aluva

Antony Jose is the youngest of the three children of Mr T A Jose and Ms Leena Jose who are native of Tripunithura.
Antony's primary education was at St. George's UP School, Thiruvankulam. By the time he was in the 7th standard, Anthony moved to Chinmaya Vidyalaya, Tripunithura.

Antony, who used to participate in the Sunday services at the parish church, St. Mary's Forona Church, was attracted by the prayer songs and musical instruments from his young age. The altar boy's attention somehow got to the keyboard when his mother and sister used to sing at home. Realizing his son's interest in the keyboard, his father did not wait to enroll Antony at Codes Academy in Tripunithura under renowned music teacher Mr. Benny.

It didn't take long for Benny Master, who has been giving music lessons to many children, to understand the child's interest and talent. The master advised his father not to 'just let go of his talent and to buy him a keyboard if possible. As per the master's instruction, his father bought a keyboard for Antony when he was in seventh grade. Antony remembers that learning the keyboard progressed very quickly once he started practicing at home.

At that time the prize for keyboard was bagged by Antony in all the competitions
But it was during his B.Com studies at Bharatmata College that Antony really started to shine on the keyboard. He started a band with his classmates who had similar interests in music. Antony's band began performing at several intercollegiate competitions.

Meanwhile, Antony had become an integral part of the church. Going to church on Sundays and playing the keyboard had become part of Antony's life and he maintained it by keeping aside anything that came to him on Sundays

Acknowledging Antony's excellence on the keyboard, the old keyboard was replaced and a new full-featured keyboard and sound system was purchased for the Church Choir Group By the Vicar.

When musicians were brought in from outside for special occasions such as Christmas, Easter, and church festivals for performance, the keyboardist was found from the Parish itself. Needless to say, that person was Antony. Antony said that he learned a lot after being able to perform in the church with the best singers and violinists.

On August 5, 2013, Antony joined Federal Bank in clerical cadre through campus recruitment. The first appointment was in the Champakulam branch of the bank. Subsequently he worked at Pazanthottam, Thiruvanvandoor and Thottakkattukara branches. Presently he is at MIS Division of Bank's Planning Department

There are many people who loose or forget their artistic skills after entering the workforce. But

Antony was not among them. Antony demonstrated his determination by winning the first prize in the 'Unleash Your Talent' competition held by the bank in 2016 for employees.
And that was just the beginning. Antony's team finished second in the competition that was held in the following year.

But little did Antony know at that time that this was just a trailer and the real achievements were yet to come.

In 2023, the Bank organized a large customer meet in Abu Dhabi to mark 15 years since the opening of the Bank's Abu Dhabi Representative Office. It was an event that was attended by billionaires like Lulu Group chief MA Yousafali. The bank's MD put forward an idea of portraying the 'in-house talents' instead of outside musicians for the function. Anthony was included in the selection made accordingly.

Bank's in-house talent showcased an effortless and memorable performance in Abu Dhabi that day that stood up to any professional band. As a result of that Antony and his team performed music for the customer meet held in Dubai that was held after the function in Abu Dhabi.

Then Antony and his team performed music at all the big events of the bank, whether it was a new product launch or an award meet. Not only in Ernakulam, many programs have been presented by them even in Mumbai and Bangalore.

As a part of World Music Day 2024, Federal Bank has released 'Rista Anthem' on June 20 and Antony was a proud part of it.
Click on the link for that musical feast which has already been enjoyed by more than 27 lakh people.

https://youtu.be/X6jYCy-usHE?feature=shared

Antony has left his mark not only in the world of keyboards but also in Philanthropy and Adventure. One of them was the incident in which he bravely held on to the car with passengers in it that plunged into the pond near his house until the firemen arrived. That incident which took place in 2021 was covered by most News channels with Antony's name. Antony saved two lives that day.

Antony remained focused on his responsibilities at the Bank along with his love for music. The promotions he received in 2018,2022 and 2024 are clear results of Antony's dedication to work.

In 2023 Antony was also noticed in the platforms of Talented Bankers when he presented an item at the TB Meet held at Kozhikode. Antony is determined to reach greater heights on keyboard.

Antony says he still has a lot more to learn on the Keyboard. On the behalf of the TB family, We pray that Antony Jose's passion and dedication will help him achieve all his dreams.